# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2582** **06/12/2018-ൽ മറുപടിയ്ക്ക്**

### നോട്ട് നിരോധനം മൂലം സഹകരണ മേഖലയിലുണ്ടായ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി :** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | നോട്ട് നിരോധനം മൂലം സഹകരണ മേഖലയിലുണ്ടായിരുന്ന പ്രശ്നങ്ങൾ പൂർണ്ണമായും അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | നോട്ട് നിരോധനം മൂലം സഹകരണ മേഖലയിൽ ഉണ്ടായിരുന്ന പ്രശ്നങ്ങൾ പൂർണ്ണമായും അതിജീവിക്കാൻ കഴിഞ്ഞിട്ടില്ല. നോട്ട് നിരോധനം വായ്പാ തിരിച്ചടവിനെ സാരമായി ബാധിക്കുകയും ആയത് വഴി കുടിശ്ശിക വർദ്ധിക്കാൻ ഇടയാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിക്ഷേപ സമാഹരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ, വ്യക്തമാക്കാമോ? | (ബി) | സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിക്ഷേപ സമാഹരണയജ്ഞം സംഘടിപ്പിച്ചു വരുന്നത്. നോട്ട് നിരോധനത്തെ തുടർന്ന് 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നടന്ന നിക്ഷേപ സമാഹരണത്തിന് ടാർജറ്റ് നിശ്ചയിച്ചു നൽകിയിരുന്നില്ല. ഈ കാലയളവിൽ സഹകരണ മേഖലയിൽ നിക്ഷേപത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കാര്യമായ കുറവ് സംഭവിച്ചിരുന്നു. എന്നിരുന്നാലും നോട്ട് നിരോധനം വഴി സംജാതമായ നിക്ഷേപങ്ങളിലെ കുറവ് ഇപ്പോൾ പരിഹരിക്കപ്പെടുകയും നിക്ഷേപം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**